(ബി) 2015-16 സാമ്പത്തിക വർഷം 20 ലക്ഷം രൂപ സൗജന്യ റേഷൻ നൽകുന്നതിനും 24 കോടി രൂപ സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്കായും വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	സൗജന്യ റേഷൻ	സമ്പാദ്യ സമാശ്വാസം
1	തിരുവനന്തപുരം	...	36530100
2	കൊല്ലം	100000	33579600
3	ആലപ്പുഴ	300000	48132900
4	എറണാകുളം	300000	26261400
5	തൃശ്ശൂർ	7000	7348200
6	മലപ്പുറം	25000	16900500
7	കോഴിക്കോട്	100000	24237600
8	കണ്ണൂർ	20000	5141250
9	കാസർഗോഡ്	10000	9520350
	ആകെ	862000	207651900

(സി) കാലവർഷക്കെടുതി നേരിടുന്നതിനായി തീരദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തീരദേശ ജനങ്ങളുടെ സുരക്ഷയ്ക്കായി കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകിവരുന്നു. എല്ലാ മറൈൻ ജില്ലാ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മേയ് 15-ാം തീയതി മുതൽ തുറന്നു പ്രവർത്തിച്ചുവരുന്നു.

മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകൾ

153 (157) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ പ്രതിസന്ധി പരിഹരിക്കുന്നതിന് മത്സ്യഫെഡിന്റെ മേൽനോട്ടത്തിൽ മണ്ണെണ്ണ ബങ്കുകൾ ആരംഭിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയാപ്പയിൽ മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പുതിയാപ്പയിൽ ഏത് സ്ഥലമാണ് നിർദ്ദിഷ്ട ബങ്ക് നിർമ്മാണത്തിനായി കണ്ടെത്തിയതെന്നും പ്രസ്തുത സ്ഥലത്ത് നിലവിൽ ബങ്ക് നിർമ്മാണത്തിന് തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ തീരദേശ ജില്ലകളിൽ 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ പൊതുമേഖലാ സ്ഥാപനങ്ങളായ I.O.C., H.P.C.L., B.P.C.L. എന്നിവിടങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിന് മണ്ണെണ്ണ ബങ്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ മരിയനാട്, കൊല്ലം ജില്ലയിൽ നീണ്ടകര, ആലപ്പുഴ ജില്ലയിൽ വളഞ്ഞ വഴി എന്നിവിടങ്ങളിൽ ബങ്കുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. കാസർഗോഡ്, പൊന്നാനി, തോപ്പംപടി, അഴീക്കോട്, കണ്ണൂർ, പുതിയാപ്പ, ഉണ്ണിയാൽ, അർത്തുങ്കൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ വില്ലേജിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ 15 സെന്റ് സ്ഥലമാണ് ബങ്ക് നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. പുതിയാപ്പ ഹാർബറിൽ ബങ്ക് നിർമ്മാണത്തിന് ഉണ്ടായിരുന്ന തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ബങ്ക് നിർമ്മാണ സ്ഥലത്ത് തടസ്സമായുണ്ടായിരുന്ന താൽക്കാലിക ഷെഡ്കുകൾ ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ നീക്കം ചെയ്ത് തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

154(158) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പൊതു പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly